# വേണ്ടപ്പെട്ടവർ

ജോയിക്കുട്ടി, ഡിട്രോയിറ്റ്

മനുഷ്യ ശരീരത്തിലെ അവയവങ്ങൾ ഓരോന്നും സൃഷ്ടിച്ചിരിക്കുന്നത് ശ്രദ്ധിക്കുന്നത് വളരെ നല്ലതാണ്. ഓരോ അവയവവുംവളരെഅത്യവശ്യമായ് ആ ശരീരത്തിന് വേണ്ടപ്പെട്ടതായിട്ടാണ്. ആവശ്യമില്ലാത്ത ഒരു അവയവവും സൃഷ്ടിച്ചിട്ടില്ല. ചില അവയവം ഇല്ലെങ്കിലും ഒരു പക്ഷേ, അല്പം കഷ്ടപ്പെട്ട് ജീവിക്കാൻ സാധിച്ചേക്കാം. എന്നാൽ ചില അവയവം ഇല്ലെങ്കിൽ യാതൊരു കാരണവശാലും ആ മനുഷ്യന് ജീവിക്കാൻ സാധിക്കത്തില്ല.

മനുഷ്യ ശരീരത്തന്റെ ഏറ്റവും അടിയിലുള്ള അവയവമാണ് കാല്. അത് പറയുന്നതെന്താണ്: ഈ ശരീരം മുഴുവനും ഞാനാണ് താങ്ങി നിർത്തുന്നത്. എവിടെ പോകണമെങ്കിലും എന്റെ സഹായം തീർച്ചയായും വേണം. എന്നാൽ രണ്ടു കാലും ഇല്ലാത്തവർ പോലും, ജീവിക്കുന്നുണ്ട്. അതൊന്നും കാൽ സമ്മതിച്ചു കൊടുക്കത്തില്ല.

കാൽമുട്ട് പറയുന്നതെന്താണ്: എന്റെ സഹായം കൊണ്ടാണ് ഈ ശരീരത്തേയും കാലിനേയും ബന്ധിപ്പിച്ചിരിക്കുന്നത്. എന്റെ സഹായം ഇല്ലെങ്കിൽ മനുഷ്യൻ ശരിക്കും വിവരം അറിയുമായിരുന്നു. ശരിയാണെങ്കിലും കാൽമുട്ടില്ലങ്കിലും മനുഷ്യന് ജീവിക്കാൻ സാധിക്കും. പക്ഷേ, ആ വിവരദ്രോഷി ആ വിവരം മറിയുന്നില്ല.

മൂത്ര വിസർജ്ജന അവയവം പറയുന്നത് എന്താണ്: ഞാനില്ലായിരുന്നെങ്കിൽ ഒരിക്കലും ഈ മനുഷ്യന് ജീവിക്കാൻ പറ്റത്തില്ല. സാധാരണക്കാരായ നമ്മൾ ആ അഭിപ്രായത്തോടെ പരിപൂർണ്ണമായും യോജിക്കുന്നുണ്ട്. പക്ഷേ, ഇത്രയും നല്ല ഈ അവയവത്തെ സാധാരണ ഏതൊരു മനുഷ്യനും സ്പർശിച്ചാൽ എത്രയും പെട്ടെന്ന് ആ കൈ കഴുകാതെ മറ്റൊരു കാര്യവും ചെയ്യത്തില്ല. ആ അവയവത്തെ വല്ലാത്ത ഒരു നികൃഷ്ട അവയവമായി ആണ് കാണുന്നത്. വളരെയധികം വർഷങ്ങൾക്ക് മുമ്പ് കേട്ടിരുന്നത്: പണ്ട് നാരദ മുനി ഭൂമിയിൽ വന്നപ്പോൾ യാത്രാ മദ്ധ്യേ, വഴി മദ്ധ്യേ, മൂത്രശങ്ക ഉണ്ടായി. സാധാരണ എല്ലാവരും ചെയ്യുന്നതുപോലെ മൂത്രം ഒഴിച്ചു. പക്ഷേ, ആ അവയവവും കൈയ്യും കഴുകാതെ, ശുദ്ധി വരുത്താതെ, മറ്റ് യാതൊരു കാര്യവും ചെയ്യാൻ പറ്റത്തില്ലല്ലോ എന്ന കാരണത്താൽ, ലിംഗത്തെ കൈയ്യിൽ വെച്ചു കൊണ്ട് ഏറ്റവും അടുത്ത് ജലം കാണുന്നിടം വെരെ നടന്നു. അല്പ ദൂരം നടന്നപ്പോൾ, അത് ശുക്ലം വിസർജ്ജിച്ചു. അങ്ങിനെയാണ് ഭൂമിയിൽ മുഷ്ടിമൈഥുനം ഉണ്ടായത്. ഇത് ഒരു കഥ ആയും, അതല്ല ഐതിഹ്യം ആയും അറിയപ്പെടുന്നു. ഭൂമിയിൽ ഇതുവെരെ ജീവിച്ചിരുന്ന മിക്കവാറും എല്ലാ ആളുകളും സ്വയം ഭോഗം ചെയ്യിട്ടുണ്ടെന്നാണ്ഞാൻപഠിച്ചുമനസ്സിലാക്കിയിരിക്കുന്നത്.

മനുഷ ശരീരത്തിലെ വളരെ പ്രധാന അവയവങ്ങളിലൊന്നാണ്, ഗുദം അഥവാ സാധാരണ മലയാളത്തിൽ പറയുന്ന കുണ്ടി. അത് പറയുന്നത്: ഈ മനുഷ ശരീരത്തിലെ മലം എന്ന വിസർജ്ജന വസ്തുവിനെ ഞാനാണ് പുറത്താക്കുന്നത്. സാധാരണ ഏതൊരു മനുഷ്യനും അറപ്പോടെ പറയുന്ന മലം അഥവാ തീട്ടം, യാതൊരു അറപ്പും വെറുപ്പുമില്ലാതെ കൈകാര്യം ചെയ്യുന്ന അവയവം ഞാനാണ്. നിങ്ങൾ ഇത്രയധികം അറപ്പോടെ പറയുന്ന ഈ സാധനം, യാതൊരു സങ്കോചവും ഇല്ലാതെ ഞാനാണ് പുറന്തള്ളപ്പെടുന്നത്. ഈ ലോകം മുഴുവനും ഉള്ള എല്ലാ സുന്ദരന്മാരും സുന്ദരികളും ഈ വെറുക്കപ്പെടുന്നതും വഹിച്ചു കൊണ്ടാണ് നടക്കുന്നത്. എത്രയും വില കൂടിയതും മനോഹരവുമായ വസ്ത്രം ധരിച്ചാലും, എന്തെല്ലാം സുഗന്ധ ദ്രവ്യങ്ങൾ ലേപനം ചെയ്താലും മലം വഹിക്കാത്ത ഏതെങ്കിലും ഒരു മനുഷ്യനും ഈ ഭൂവിലില്ല. ഇത്രയും അസഹ്യമായ ദുർഗന്ധം വഹിക്കുന്ന മനുജനാണ് ഈ ഭൂവിലെ വല്ല്യ ആളുകളിച്ചും എല്ലാ പൊങ്ങച്ചവും കാണിച്ച് നടക്കുന്നത്. ഈ മലം മനുഷ്യ ശരീരത്തിൽ നിന്ന് വിസർജ്ജിക്കാതെ യാതൊരുവനും ജീവിക്കാൻ സാദ്ധ്യമല്ല. സ്വന്തം മലത്തിന്റെ ദുർഗന്ധം ഒരു മനുഷ്യനും അസഹനീയമായി തോന്നത്തില്ല. അതുപോലെ സ്വന്തം മക്കളുടേതും. അതുപോലെ വളരെ അപൂർവ്വം അളുകൾക്ക് അവരുടെ മാതാപിതാക്കളുടെ മലവും ദുർഗന്ധമുള്ളതായി അനുഭവപ്പെടത്തില്ല. അപ്പോൾ നമ്മുടെ മനസ്സിന്റെ പ്രവർത്തനം പോലെയാണ് എല്ലാം.

യാതൊരു മനുഷ്യനും കാണപ്പെടാൻ സാധിക്കാത്ത ഒരവയവം ആണ് ഹൃദയം. ഹൃദയമില്ലാതെ ഒരു മനുഷ്യനും ജീവിക്കാൻ സാദ്ധ്യമല്ല. എന്നാൽ ഈ അവയവം മറ്റൊരാൾക്കും കാണാൻ വയ്യാതെ ആണ് സൃഷ്ടിച്ചിരിക്കുന്നത്. അതല്ല കാണുന്ന വിധമാണ് സൃഷ്ടിച്ചിരുന്നതെങ്കിൽ എന്തെല്ലാം ചായങ്ങളും ചമയങ്ങളും അതിന്മേൽ കാണിക്കുമായിരുന്നു. എന്നിട്ടും ചിലർ പ്രയോഗിക്കും: ഹൃദയമില്ലാത്തവനേ/ഇല്ലാത്തവളേ. ഹൃദയമില്ലാത്തതുകൊണ്ടല്ല ആ പ്രയോഗം ചെയ്യുന്നത്. ആ സമയത്തെ വികാരക്ഷോഭത്താൽ, വികാര ശമനത്തിനായ് പ്രയോഗിക്കുന്നതാണ്.

അതുപോലെ കരൾ. ഈ അവയവവും ദൃശ്യമല്ല. ആയിരുന്നെങ്കിൽ എന്തെല്ലാം തരത്തിലുള്ള കോമാളിത്തരവും അതിന്മേൽ കാണിക്കുമായിരുന്നു. എന്നാൽ വളരെ സ്നേഹപൂർവ്വം പ്രയോഗിക്കും: എന്റെ കരളേ! അപ്പോൾ കരളിന്റെ പ്രാധാന്യമെന്തെന്ന് മനസ്സിലാക്കാം.

ശ്രവണ സുഖം നൽകുന്ന കർണ്ണപടങ്ങൾ, നയന സുഖങ്ങൾ നൽകുന്ന നയനങ്ങൾ, അധര സുഖം നൽകുന്ന അധരങ്ങൾ, രുചി നൽകുന്ന നാവ്, ശ്വശന സൗഖ്യം നൽകുന്ന മൂക്ക്, ഇതിനേയെല്ലാം വഹിച്ചിരിക്കുന്ന വദനം. ഇതിനെല്ലാം ഉപരി ആയ് സ്ഥിതി ചെയ്യുന്ന ശിരസ്; അതിനു മുകളിൽ നിൽക്കുന്ന തലമുടി (ചിലർക്ക് തലമുടി ഇല്ല). ആ തലയ്ക്കകത്തായ് ഏവർക്കും അദൃശ്യനായി തലച്ചോറ്. ഈ ശരീരത്തെ മുഴുവനും നിയന്ത്രിക്കുന്ന, തലച്ചോറ് ശരീരത്തിന്റെ ഏറ്റവും അഗ്രത്തിലാണെങ്കിലും യാതൊരു അഹങ്കാരവുമില്ലാതെ അടങ്ങി ഒതുങ്ങി കഴിയുന്ന, ഏറ്റവും വിനീതമായ ഒരവയവമാണ്.

ഇവിടെ മനുഷ്യ ശരീരത്തിന് ഏറ്റവും അത്യവശ്യമായ അവയവങ്ങൾ എല്ലാം തന്നെ ദൃശ്യമല്ലാതെ ഒതുങ്ങി കഴിയുന്നതായിട്ടാണ് കണ്ടത്. ഇതുപോലെ ആണോ ഈ ഭൂമിയിൽ ജീവിക്കുന്ന മനുഷ്യൻ. ഒരു ശരീരത്തിന് ദൃശ്യവും അദൃശ്യവുമായ അവയവങ്ങൾ എല്ലാം തീർച്ചയായും വേണ്ടതു പോലെ അല്ലേ, ഈ സമൂഹത്തിലെ ഓരോ അവയവങ്ങളായ ഓരോ മനുഷ്യനും. ഈ അവയവങ്ങൾ എല്ലാം യഥാക്രമം പ്രവർത്തിച്ച് ആരോഗ്യകരമായ ശരീരം നിലനിർത്തുന്നതുപോലെ ഈ സമൂഹത്തിലെ ഓരോ മനുഷ്യനും പ്രവർത്തിക്കേണ്ടതല്ലേ! ശരീരത്തിലെ ഇരു കൈകൾ തമ്മിലോ, കാലുകൾ തമ്മിലൊ ശണ്ഠ കൂടാറുണ്ടോ? ശരീരത്തിലെ ഓരോ അവയവങ്ങളും പരസ്പരം കലഹിക്കുന്നതിനു വേണ്ടിയാണോ സൃഷ്ടിച്ചിരിക്കുന്നത്. ഈ അവയവങ്ങൾ എല്ലാം പരസ്പരം വേണ്ടപ്പെട്ടവരല്ലേ. മനുഷ്യൻ കുളിക്കുമ്പോൾ വലത്തേ കയ്യിൽ സോപ്പെടുത്ത് ഇടത്തേ കയ്യേലും അതുപോലെ തിരിച്ചും വളരെ സ്നേഹത്തോടെ പുരട്ടുന്നതുപോലെ പരസ്പരം സ്നേഹിച്ചും, ബഹുമാനിച്ചും ജീവിക്കാൻ നമ്മളെല്ലാം ബാദ്ധ്യസ്ഥരാണ്!